ഉത്തരം

(എ) ലോകബാങ്ക് സംസ്ഥാനത്തിന്റെ റോഡ് വികസനത്തിന് നൽകുന്ന തുക 5 വർഷത്തെ മോറട്ടോറിയത്തിനുശേഷം 15 വർഷം കൊണ്ട് തിരിച്ചടയ്ക്കണം.

റോഡുകളുടെയും പാലങ്ങളുടെയും പണികൾക്കുവേണ്ടി നബാർഡ് വായ്പ തിരിച്ചടയ്ക്കുന്നതിനുള്ള വ്യവസ്ഥകൾ താഴെ പറയും പ്രകാരമാണ്:

RIDF II to V	നബാർഡ് വായ്പ അനുവദിക്കുന്ന ദിവസം മുതൽ 2 വർഷത്തെ ഗ്രേഡ് പിരീയഡ് ഉൾപ്പെടെ 5 വർഷത്തിനുള്ളിൽ3 വാർഷിക തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.
RIDF VI to VIII	നബാർഡ് തുക അനുവദിക്കുന്ന ദിവസം മുതൽ 2 വർഷത്തെ ഗ്രേഡ് പീരീയഡ് ഉൾപ്പെടെ 57 വർഷത്തിനുള്ളിൽ 5 വാർഷിക തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.

(ബി)

ലോക ബാങ്ക്	നബാർഡ്
8.5%	RIDF II to V : 12%
	RIDF VI : 11.5 %
	RIDF VII : 10.5%
	RIDF VIII : 8.5%

(സി & ഡി) വിശദാംശങ്ങൾ ധനകാര്യ വകുപ്പാണ് തീരുമാനിക്കുന്നത്.

ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന റോഡ് പണികളുടെ മേൽനോട്ടം

45 (4324) ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. എൻ. ഡി. അപ്പച്ചൻ :
ശ്രീ. എം. മുരളി :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ലോകബാങ്കിന്റെ സഹായത്തോടുകൂടി നടത്തുന്ന റോഡുപണി സൂപ്പർവൈസ് ചെയ്യാനും പണി സംബന്ധിച്ച് വേണ്ട നിർദ്ദേശങ്ങൾ നൽകാനും പി.ഡബ്ല്യു.ഡി. ഉദ്യോഗസ്ഥർക്ക് അധികാരമുണ്ടോ ;

(ബി) ഉണ്ടെങ്കിൽ പി. ഡബ്ല്യു. ഡി. ഉദ്യോഗസ്ഥന്മാർ അപ്രകാരം ചെയ്യുന്നുണ്ടോ :

(സി) എല്ലാവിധത്തിലും ഈ റോഡുപണി കുറ്റമറ്റതാക്കാൻ ഗവൺമെന്റ് എന്തെല്ലാം സംവിധാനം ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ-സി) ലോകബാങ്ക് ധനസഹായത്തോടെ സംസ്ഥാനത്ത് നടപ്പാക്കി വരുന്ന റോഡുവികസന പദ്ധതിയുടെ നടത്തിപ്പു ചുമതല പൊതുമരാമത്ത് വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രോജക്ട് മാനേജ്മെന്റ് ടീമാണ് നിർവ്വഹിച്ചു വരുന്നത്. പണിയുടെ ഗുണനിലവാരം സംബന്ധിച്ച് നിഷ്ക്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ കർശനമായും സമയബന്ധിതമായും പാലിക്കുന്നുവെന്ന് ഉറപ്പാക്കിക്കുന്നതിനുള്ള നടപടികൾ പ്രോജക്ട് മാനേജ്മെന്റ് ടീം സ്വീകരിച്ചിട്ടുണ്ട്.

കാസർകോഡ് മുതൽ കണ്ണൂർ വരെയുള്ള എൻ. എച്ച്. 17 വികസിപ്പിക്കാൻ പദ്ധതി

46 (4325) ശ്രീ. കെ. പി. സതീശ്ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തു വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് വികസനരംഗത്ത് പിന്നോക്കാവസ്ഥയിലുള്ള കാസർഗോഡ് മുതൽ കണ്ണൂർ വരെയുള്ള എൻ. എച്ച്-17ന്റെ ഭാഗം വികസിപ്പിക്കാൻ എന്തെങ്കിലും പദ്ധതികൾ സമർപ്പിക്കപ്പെട്ടിട്ടുണ്ടോ :

(ബി) ഉണ്ടെങ്കിൽ വിശദവിവരം അറിയിക്കാമോ ?

ഉത്തരം

(എ&ബി) എൻ. എച്ച്. 17-ൽ കാസർകോഡ് മുതൽ കണ്ണൂർ വരെയുള്ള ഭാഗം രണ്ടുവരിപാതയാക്കി വികസിപ്പിച്ചിട്ടുണ്ട്. ഇതിൽ 20 കിലോമീറ്റർ ഒഴികെയുള്ള ഭാഗം ഐ. ആർ. ക്യു.പി. പ്രകാരം ഉപരിതലം പുതുക്കിയിട്ടുണ്ട്. വെള്ളൂർ പാലത്തിന്റെ പുനർനിർമ്മാണത്തിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു.

ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയ മരാമത്ത് പണികൾ

47 (4326) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പൊതുമരാമത്ത് വകുപ്പ് എത്ര കോടി രൂപയുടെ മരാമത്ത് പണികൾ നടത്തിയിട്ടുണ്ട് :

(ബി) നിയോജകമണ്ഡലം തിരിച്ച് വിശദാംശം വ്യക്തമാക്കാമോ :

(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം എത്തെല്ലാം പൊതുമരാമത്ത് വർക്കുകൾക്ക് ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകിയിട്ടുണ്ട് :

(ഡി) മണ്ഡലം തിരിച്ച് വിശദാംശം വ്യക്തമാക്കാമോ :

LIBRARY ARCHIVES Kerala Legislative Assembly